"ഭരണഭാഷ മാതൃഭാഷ"

അടിയന്തിരം

B1/1056/2021/GASCBKKD

ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ
ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ്
കോളേജ്, ബാലുശ്ശേരി
ഫോൺ: 04962646342
തീയതി: 06.10.2021

പ്രേഷകൻ

പ്രിൻസിപ്പാൾ

സ്വീകർത്താവ്

അസി. ട്രാൻസ്പോർട്ട് ഓഫീസർ
KSRTC താമരശ്ശേരി ഡിപ്പോ

സർ

വിഷയം:- ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്, ബാലുശ്ശേരി - കോളേജിലേക്ക് 9.30 ന് ബസ് എത്തുന്ന തരത്തിൽ ബസ് സർവീസ് തുടങ്ങുന്നത് സംബന്ധിച്ച്

കോളേജുകളിൽ അവസാന വർഷ വിദ്യാർത്ഥികൾക്കായി 04-10-2021 മുതൽ തുറന്നിരിക്കുകയാണ്. മറ്റു ബാച്ച് വിദ്യാർത്ഥികൾക്കായി കോളേജ് 18-10-2021 മുതൽ തുറക്കുകയാണ്. നമ്മുടെ കോളേജിൽ താമരശ്ശേരി ഭാഗത്തു നിന്നും കൊയിലാണ്ടി ഭാഗത്തു നിന്നും ആണ് കൂടുതൽ വിദ്യാർത്ഥികൾ എത്തുന്നത്. വിദ്യാർത്ഥികൾ ഒന്നടങ്കം പറയുന്ന ഒരു കാര്യം ബസ്സുകൾ ഇല്ലാത്തതിനാൽ എത്ര ശ്രമിച്ചിട്ടും 10 മണിക്ക് കോളേജിൽ എത്താൻ കഴിയുന്നില്ല എന്നുള്ളതാണ്. വിദ്യാർത്ഥികൾക്ക് വട്ടോളി ബസാറിൽ നിന്നും ബസ്സ് ലഭിച്ച് എളുപ്പത്തിൽ എത്തിച്ചേർന്നു അവിടെ നിന്നും നടന്ന് കോളേജിൽ എത്തുമ്പോൾ 10.30 ആകുന്നു. അപ്പോൾ ഒരു ക്ലാസ് പീരീഡിന്റെ പകുതി കഴിഞ്ഞിരിക്കും. ഇത് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഒരു പോലെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. ആയതിനാൽ നമ്മുടെ വിദ്യാർത്ഥികൾക്കായി കോളേജ് പ്രവർത്തിക്കുന്ന ദിവസങ്ങളിൽ താമരശ്ശേരി, കൊയിലാണ്ടി എന്നീ ഭാഗങ്ങളിൽ നിന്നും ബാലുശ്ശേരി കോളേജിലേക്ക് ബസ് സർവീസ് ഉണ്ടായാൽ നമ്മുടെ വിദ്യാർത്ഥികളുടെ യാത്രാ ക്ലേശം പരിഹരിക്കാൻ കഴിയും. ആയതിനാൽ താമരശ്ശേരി, കൊയിലാണ്ടി എന്നിവിടങ്ങളിൽ നിന്നും കോളേജിലേക്ക് 9.30 ന് ബസ് എത്തുന്ന തരത്തിൽ KSRTC സർവീസ് പുതിയത് തുടങ്ങുകയോ അല്ലെങ്കിൽ ബാലുശ്ശേരി വരെ ഉള്ള സർവീസ് കോളേജ് വരെ നീട്ടുകയോ ചെയ്യുന്നതിന് അങ്ങയുടെ ഭാഗത്തു നിന്നും ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

Approval Valid

Digitally App ed By
Dr. S.J Sh
Dat 2021
Reaso pproved

വിശ്വസ്തതയോടെ

Shabu 06/10/2021

Dr. S.J Shabu
പ്രിൻസിപ്പാൾ (ഇൻ ചാർജ്)
പ്രിൻസിപ്പാൾക്കു വേണ്ടി

PRINCIPAL
Dr. B.R. Ambedkar Memorial
Govt. Arts & Science College
Balussery, Kinalur Post.
Kozhikode Dist. PIN: 673 612